തായും ആരോപണമുണ്ട്. ശുപാർശയുമായെത്തുന്ന ആളിന്റെ വിദ്യാഭ്യാസ യോഗ്യതയനുസരിച്ച് ഓരോ കേന്ദ്രങ്ങളിലും തസ്തികകൾ സൃഷ്ടിച്ചിരിക്കുകയാണ്. ശുപാർശ ചെയ്യുന്ന ആളിന്റെ യോഗ്യതകൾ അഭികാമ്യമായി നിശ്ചയിച്ചാണ് ഉയർന്ന തസ്തികകളിലേക്ക് പരസ്യം ചെയ്യുന്നത്. അപേക്ഷകരുടെ എണ്ണം ഇത്തരത്തിൽ നിയന്ത്രിച്ചിട്ടുണ്ട്. ഇഷ്ടക്കാരെ എഴുത്തുപരീക്ഷയുടെ അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്. താൽക്കാലിക ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമിക്കണമെന്നാണ് വ്യവസ്ഥയെങ്കിലും ഇവിടെ ജോലിക്ക് ബന്ധുബലം മാത്രം മതിയെന്നാണ് വ്യവസ്ഥ. ചിലരിൽ നിന്ന് പണം വാങ്ങിയെന്നും ആരോപണമുണ്ട്. അസിസ്റ്റന്റ് ട്രെയിനിംഗ് ഓഫീസർ തസ്തികയിലേക്ക് ഒന്നരലക്ഷം രൂപ വാങ്ങിയെന്നാണ് പറയുന്നത്. ആ സെന്ററുകളിൽ ആർക്കൊക്കെയാണ് നിയമനം നൽകിയത് എന്നുള്ളത് ഞാൻ വായിക്കാം. ഞാൻ ആളിന്റെ പേരും, എവിടെയാണ് ജോലി ചെയ്യുന്നതെന്നും, കേരള കോൺഗ്രസ് പാർട്ടിയുമായി അവർക്കുള്ള ബന്ധം എന്താണെന്നും വിശദീകരിക്കാം. ഞാൻ ഈ ലിസ്റ്റ് മേശപ്പുറത്തു വയ്ക്കുകയാണ് ********** ഇതൊരു അഴിമതിയല്ലേ; നെപ്പോട്ടിസം അല്ലേ?

IX. ക്രമപ്രശ്നം

അഴിമതി ആരോപണം ഉന്നയിക്കുമ്പോൾ വിഷയം സ്പെസിഫിക്കായിരിക്കണം

ഡോ. കെ.സി. ജോസഫ് : ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. അഴിമതി ആരോപണം എഴുതിക്കൊടുത്തത് ഉന്നയിക്കാൻ ബഹുമാനപ്പെട്ട മെമ്പർക്ക് അവകാശമുണ്ട്. എന്നാൽ ആരോപണങ്ങൾ സ്പെസിഫിക്ക് ആയിട്ടു പറയണം. വേഗ് ആയിട്ട് പറയുന്നത് ശരിയല്ല. ********** എത് നിയമനത്തിനാണ് എന്നു പറയണം. ഇത്തരത്തിൽ അഴിമതി ആരോപണം ഉന്നയിക്കുന്നത് ഓർഡറിലാണോ?

ശ്രീ. പി.സി. ജോർജ് : സർ, ********* ഞാൻ ക്രമപ്രശ്നം ഉന്നയിക്കുകയാണ്. ********* †എനിക്ക് എഴുതിത്തന്നിട്ടുണ്ട്. അതിൽ 1986 ലെ ചരിത്രമാണ് പറഞ്ഞിരിക്കുന്നത്. എഴുതിക്കൊടുത്ത കാര്യങ്ങൾ പറയണം.

ശ്രീ. മാമ്മൻ മത്തായി : ഈ സെന്ററിൽ വഴിവിട്ട നിയമനങ്ങൾ എങ്ങനെ നടത്തിയെന്നുള്ളതാണ് ഞാൻ സൂചിപ്പിച്ചത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ബന്ധുക്കളായി നാലുപേർക്ക് കൂടി മാത്രമേ ഇനി അവിടെ ജോലി കിട്ടാനുള്ളു.

ഒന്ന്-വീരപ്പൻ, രണ്ട്-നളിനി, മൂന്ന്-കണ്ണൻ, നാല്-ഉണ്ണിമേരി. പക്ഷെ ഈ നാലുപേരും പശുക്കളായതുകൊണ്ടാണ് ജോലി കിട്ടാത്തത്. അല്ലെങ്കിൽ ഈ നാലുപേർക്കുകൂടി ഈ വകുപ്പിൽ ജോലി കൊടുക്കുമായിരുന്നു. ഈ വഴിവിട്ട നിയമനത്തിന്റെ പേരെന്താണ്? കറപ്ഷൻ എന്നല്ലേ; സ്വജനപക്ഷപാതമല്ലേ. നെപ്പോട്ടിസമല്ലേ? ധൈര്യമുണ്ടെങ്കിൽ അന്വേഷണം നടത്തണം.

ഡോ. കെ.സി. ജോസഫ് . സർ, ഞാൻ ഉന്നയിച്ച പോയിന്റ് ഓഫ് ഓർഡറിനു റൂളിംഗ് വേണം. ********* എന്നു വാങ്ങി എന്നുള്ളതിനെ സംബന്ധിച്ചു സ്പെസിഫിക്ക് ആയിട്ടു പറയണം. വേഗ് ആയിട്ട് പറയാൻ പാടില്ല. അതിനെ സംബന്ധിച്ചു റൂളിംഗ് വേണം.

• ബഹു.സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖകളിൽ നിന്നും നീക്കം ചെയ്തു.

†ബഹു: സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാമ്മൻ മത്തായി . ഞാൻ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർ എനിക്ക് വളരെ കുറച്ച് സമയം മാത്രമേ അനുവദിച്ചിട്ടുള്ളു എന്നുള്ളതുകൊണ്ട് ഞാൻ മുഴുവനും വായിക്കുന്നില്ല. ഈ ലിസ്റ്റിൽ മുഴുവൻ ഡീറ്റെയ്ൽസും ഉണ്ട്. ധൈര്യം ഉണ്ടെങ്കിൽ വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് അതിനെപ്പറ്റി അന്വേഷിക്കാമോ?..... ബഹളം..... ബഹളം..... ഇതിന്റെ പേരെന്താണ്? ഈ മന്ത്രി ചെയ്ത കറപ്ഷൻ, അഴിമതി, സ്വജനപക്ഷപാതം ഇവയൊക്കെ ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് പൊതുപ്രവർത്തകരുടെ അഴിമതിയെ സംബന്ധിച്ചു അന്വേഷണം നടത്തുന്നതിന് ലോകായുക്ത് നിയമം പാസ്സാക്കിയിട്ടുണ്ടല്ലോ?. ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ചാർജുള്ള ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ഉണ്ടല്ലോ. നിങ്ങൾ കാശും മേടിച്ചിട്ട് ഞങ്ങൾ സ്റ്റാമ്പും ഒട്ടിച്ച് അതിന്റെ പുറകെ നടക്കണം. ലോകായുക്ത് നിയമത്തിൽ അലിഗേഷനെ സംബന്ധിച്ചു എന്താണ് പറയുന്നത് എന്ന് അങ്ങ് നോക്കണം. 2(b) (iii) is guilty of corruption, favouritism, nepotism or lack of integrity in his capacity as such public servant; എന്നാണ്.

നടപടി എടുക്കണ്ടേ? ഇത് റഫർ ചെയ്യേണ്ടേ? അങ്ങേയ്ക്ക് മന:സാക്ഷിയുണ്ടെങ്കിൽ, ഇടതുപക്ഷ ജനാധിപത്യമുന്നണി ഈ നിയമം പാസ്സാക്കിയതിന്റെ അടിസ്ഥാനത്തിൽ ഈ ആരോപണങ്ങൾ റഫർ ചെയ്യാൻ മുഖ്യമന്ത്രിക്ക് അവകാശമുണ്ട്. അങ്ങ് ചെയ്യേണ്ടത് ഈ ലിസ്റ്റ് ക്യാൻസൽ ചെയ്യണം. ഇവിടെ ഓരോന്നിനും കയ്യടിക്കുന്ന ഭരണകക്ഷിയുണ്ടല്ലോ. അവിടുത്തെ ജോലി മുഴുവൻ ഒരു കൂട്ടർ അടിച്ചുമാറ്റിയില്ലേ? എന്നിട്ട് അഴിമതിയെപ്പറ്റി ഘോരഘോരം പ്രസംഗിക്കുകയാണ്. അങ്ങ് മന:സാക്ഷിയുണ്ടെങ്കിൽ ഈ ലിസ്റ്റ് പൂർണ്ണമായും ക്യാൻസൽ ചെയ്യണം. ഈ അഴിമതിക്കെതിരെ നടപടി എടുക്കണം. ബഹുമാനപ്പെട്ട പി.സി.ജോർജ് അഴിമതിയെന്നു കേട്ടാൽ പിന്നെ നിലത്തിരിക്കുകയില്ല. മൂരി ചാടുന്നതുപോലെയാണ് ചാടുന്നത്.

റൂളിംഗ്

മി. ചെയർമാൻ : ബഹുമാനപ്പെട്ട മെമ്പർ മാമ്മൻ മത്തായി യാതൊരു ആരോപണവും ഇവിടെ എഴുതിക്കൊടുത്തിട്ടില്ല. അതുകൊണ്ട് ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കണമെന്നു പറയുന്നത് രേഖയിൽ കാണുകയില്ല... .....ബഹളം..... ബഹളം ..... ബഹുമാനപ്പെട്ട മെമ്പർ കുറച്ചു സഹിഷ്ണുത കാണിക്കണം. ഇവിടെ I am raising an allegation aganist shri P.C. George. എന്നു മാത്രമാണ് എഴുതിയിരിക്കുന്നത്.

ശ്രീ. മാമ്മൻ മത്തായി : ഞാൻ അലിഗേഷനായിട്ടല്ല, പബ്ലിക്ക് ഡോക്കുമെന്റായി മേശപ്പുറത്ത് വച്ചതാണ്.

മി. ചെയർമാൻ ; എഴുതിക്കൊടുത്തിരിക്കുന്നുവെന്ന് പറഞ്ഞതുകൊണ്ട് പറയുകയാണ്. ശ്രീ.പി.സി.ജോർജിനെതിരെ ചില അന്വേഷണങ്ങൾ, ബഹുമാനപ്പെട്ട മന്ത്രിക്കെതിരെ an allegation regarding illegal appointments എന്നു മാത്രമേ പറഞ്ഞിട്ടുള്ളു. അന്വേഷിക്കണമെങ്കിൽ വ്യക്തമായി എഴുതിത്തരണം. വ്യക്തമായി ആരോപണം ഉന്നയിക്കാത്തിടത്തോളംകാലം ആരോപണം രേഖയിൽ ഉണ്ടായിരിക്കുന്നതല്ല.

ധനകാര്യം (തുടർച്ച)

ശ്രീ. മാമ്മൻ മത്തായി : അഴിമതിയെ സംബന്ധിച്ചു പറയുമ്പോൾ ശ്രീ. പി.സി.ജോർജ് ചാടുകയാണ്. ധാർമ്മികമായി അഴിമതിയെ സംബന്ധിച്ചു പറ